വൈദ്യുതി പ്രതിസന്ധി മറികടക്കാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതി

11 (7847) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസംഭരണികളിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലം ഉണ്ടെന്നും ആയത് എത്ര ദിവസത്തെ ഉപഭോഗത്തിന് തികയും എന്നും വ്യക്തമാക്കുമോ ;

(ബി) നിലവിലെ വൈദ്യുതി പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും, ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ ;

(സി) വൈദ്യുതി പ്രതിസന്ധി മറികടക്കാൻ മഴയെ മാത്രം ആശ്രയിച്ചുള്ള ജലവൈദ്യുത പദ്ധതികൾക്കു പകരം ദീർഘകാലാടിസ്ഥാനത്തിലുള്ള മറ്റെന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 9-7-2014-ലെ കണക്കുപ്രകാരം സംസ്ഥാനത്തെ ജലസംഭരണികളിൽ ആകെ 653.52 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളമാണുള്ളത്. ഉല്പാദനം പ്രതിദിനം ശരാശരി 21 ദശലക്ഷം യൂണിറ്റായി ക്രമീകരിച്ചാൽ ഇത് 31 ദിവസത്തേക്ക് തികയും.

(ബി) നിലവിലുള്ള വൈദ്യുത പ്രതിസന്ധി മറികടക്കാനായി താൽക്കാലികമായി എങ്കിലും കേന്ദ്രവിഹിതം കൂടുതലായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വൈദ്യുതി ഉത്പാദനത്തിനായി ആഭ്യന്തര താപനിലയങ്ങളെ കൂടുതലായി ആശ്രയിക്കുകയും പവർ എക്സ്ചേഞ്ചുവഴി താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാകുന്ന അവസരത്തിലെല്ലാം ആയത് പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി എത്തിക്കാനുള്ള ശ്രമങ്ങളും ഊർജ്ജിത പ്പെടുത്തിയിട്ടുണ്ട്.

(സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ അനുയോജ്യമായവയിൽ മൊത്തം 1.35 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ, കഞ്ചിക്കോട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു മെഗാവാട്ട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ, പാലക്കാട് ജില്ലയിലെ അഗളി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചാലയൂർ ടൈബൽ കോളനിയിലെ വീടുകളുടെ മേൽക്കൂരകളിൽ മൊത്തം 96 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ, പൊരിങ്ങൽ പവർഹൗസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ 50 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ, കമ്പമല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ 40 കിലോവാട്ട് ശേഷിയുള്ള പോൾ മൗണ്ടഡ് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ, തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ 0.13456 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് (stage-I) സ്ഥാപിക്കൽ, RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി മൊത്തം 0.1315 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കൽ, ബ്രഹ്മപുരത്ത് ഡീസൽ വൈദ്യുത നിലയത്തിലെ കേടായ രണ്ട് ഡീസൽ എഞ്ചിൻ ജനറേറ്റർ സെറ്റുകൾ മാറ്റി പുതിയ പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന 36 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി, പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന 400 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കമ്പൈൻഡ് സൈക്കിൾ പവർ പ്രോജക്ട്, കൊച്ചിൻ റിഫൈനറിയുടെ ആധുനികവത്കരണ വികസന പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന പെറ്റ്കോക്ക് ഉപയോഗിച്ച് കൊച്ചിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഏകദേശം 500-600 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള താപവൈദ്യുത നിലയം, പുതുവൈപ്പിൻ പെട്രോനെറ്റ് എൽ.എൻ.ജി. പദ്ധതിയുടെ സമീപത്തായി 1200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പ്രകൃതി വാതകം ഉപയോഗിച്ചുള്ള കമ്പൈൻഡ് സൈക്കിൾ പവർ പ്രോജക്ട് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ 1320 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കൽക്കരി ഉപയോഗിച്ച് പ്രവർത്തിക്കുന്ന താപവൈദ്യുത നിലയം കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വീണ്ടും പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിക്കുന്നു. M/s Inox Renewable Energy Limited-ന്റെ 22 മെഗാവാട്ടിന്റെ കാറ്റിൽനിന്നുള്ള വൈദ്യുത പദ്ധതി കഞ്ചിക്കോട്ടുള്ള കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു. എൻ.എച്ച്.പി.സി.-യുമായി 6-1-2014-ൽ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ 82 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി സ്ഥാപിക്കുന്നതിലേക്കായി ധാരണാപത്രവും 7-5-2014-ൽ വെസ്റ്റ് കല്ലട ഗ്രാമ പഞ്ചായത്തിൽ 50 മെഗാവാട്ടിന്റെ സോളാർ പദ്ധതി സ്ഥാപിക്കുന്നതിനുവേണ്ടി ധാരണാപത്രവും ഒപ്പുവച്ചിട്ടുണ്ട്.